**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 583** **23-07-2021 - ൽ മറുപടിയ്ക്ക്**

**നൂതന മത്സ്യകൃഷി രീതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നൂതന മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബയോ ഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇൻറൻസീവ് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന സാങ്കേതിക വിദ്യകൾ അവലംബിച്ചുള്ള നൂതന മത്സ്യകൃഷി രീതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ ജനകീയ മത്സ്യകൃഷി, ബ്ലൂ റെവല്യൂഷൻ, PMMSY എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 14 ജില്ലകളിലായി മത്സ്യകൃഷി രീതികളിൽ വൈവിധ്യവത്ക്കരണം ഏർപ്പെടുത്തിയ തിന്റെ ഭാഗമായി 2393 ബയോഫ്ളോക്ക് യൂണിറ്റുകളും 4140 എണ്ണം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി (ഇൻറൻസീവ് അക്വാകൾച്ചർ) യൂണിറ്റുകൾ, 586 RAS യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ പുതിയതായി 200 RAS യൂണിറ്റുകളും 1850 ബയോഫ്ളോക്ക് യൂണിറ്റുകളും 2500 പടുതയിലെ മത്സ്യകൃഷി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഏതൊക്കെ മേഖലയിൽ നിന്നുള്ള സേവനങ്ങളാണ് ഇപ്പോൾ പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും Central Institute of Fisheries Education (CIFE), Kerala University of Fisheries and Ocean Science (KUFOS) എന്നീ സ്ഥാപനങ്ങളിലെ ഉന്നത വിദഗ്ദ്ധർ , ഫിഷറീസ് വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർ കൂടാതെ മത്സ്യകൃഷി മേഖലയിലെ മികച്ച കർഷകർ എന്നിവരുടെ സേവനങ്ങളും പ്രയോജനപ്പെടുത്തുന്നു. |
| (സി) | ഇത്തരം മത്സ്യകൃഷി രീതികൾ നടപ്പാക്കുന്ന | (സി) | ഉണ്ട്. പുതിയ യൂണിറ്റുകൾക്ക് യൂണിറ്റ് ചെലവിന്റെ |

| | | | |
|---|---|---|---|
| | ഫാമുകൾക്ക് സബ്സിഡികൾ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | | 40% സബ്സിഡിയും മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷണൽ കോസ്റ്റിന്റെ 20% തുകയും സബ്സിഡിയായി നൽകി വരുന്നു. |
| (ഡി) | യുവതീയുവാക്കൾക്ക് ആവശ്യമായ പരിശീലനം നൽകി ഇത്തരത്തിലുള്ള മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. വിവിധ മത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തി ഗുണഭോക്താക്കളാകുന്ന യുവതിയുവാക്കൾക്ക് നൂതന കൃഷിരീതികൾ നടപ്പാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ